**ശ്രദ്ധിക്കേണ്ട വസ്തുതകൾ**

ആട്ടിൻകുട്ടികളുടെ മരണനിരക്ക് കുറയ്ക്കുന്നതിനായി കർഷകർ ചില കാര്യങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകേണ്ടതുണ്ട്, ആട്ടിൻകുട്ടി ജനിച്ചയുടനെ തന്നെ അര മണിക്കൂറിനകം കന്നിപ്പാൽ നൽകുന്നതാണ് ഇതിൽ പ്രധാനം. ഇത് വഴി പ്രതിരോധ ശേഷി കൈവരിക്കാൻ ആട്ടിൻ കുട്ടികൾക്കാവുന്നു. മഴയും തണുപ്പും ബാധിക്കാതെ വേണം ഇവയെ പാർപ്പിക്കാൻ. ഈർപ്പം നിറഞ്ഞ അന്തരീക്ഷം ഒഴിവാക്കാൻ ശ്രദ്ധിക്കണം. ആട്ടിൻകുട്ടികളിൽ കാണുന്ന വയറിളക്കത്തിന് വൈദ്യസഹായം തേടേണ്ടതാണ്. പൂപ്പൽ ബാധിച്ചതും കട്ട പിടിച്ചതുമായ തീറ്റ ഒരു കാരണവശാലും ആടുകൾക്ക് നൽകരുത്. പായസം, കഞ്ഞി, പഴുത്ത ചക്ക മുതലായവ അധികമായി നൽകുന്നത് മരണത്തിലേക്ക് വരെ എത്തിച്ചേക്കാം. ദ്രവ രൂപത്തിലുള്ള മരുന്നുകൾ പിടിച്ചു കൊടുക്കുമ്പോൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്, അല്ലെങ്കിൽ ഇവ ശ്വാസകോശത്തിലെത്തി ന്യൂമോണിയ പിടിപെടാനുള്ള സാധ്യത വളരെ അധികമാണ്. ആടുകൾക്ക് മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ ശ്രമിക്കുക.


**തയ്യാറാക്കിയത്**

***ഡോ. ബിമൽ. പി. ബഷീർ, ഡോ. തിരുപ്പതി വെങ്കിടാചലപതി,***
*ഡോ.* ജമുന വത്സലൻ, *ഡോ.* ഉപാസന രത്നാകരൻ,
***ഡോ.*** സുനിത തോമസ്



പ്രസിദ്ധീകരണം

അസോസിയേറ്റ് പ്രൊഫസർ & ഹെഡ്
**യൂണിവേഴ്സിറ്റി ഗോട്ട് & ഷീപ്പ് ഫാം മണ്ണുത്തി 680 651**
Email: goatandsheepf@kvasu.ac.in


**കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി**

# ആരോഗ്യസംരക്ഷണം



**എ. ഐ. സി. ആർ. പി. ഓൺ ഗോട്ട് ഇംപ്രൂവ്മെന്റ് (മലബാറി)**


***സെന്റർ ഫോർ ആൻഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആനിമൽ ജനട്ടിക്സ് ആൻഡ് ബ്രീഡിങ്,***
**കോളേജ് ഓഫ് വെററററിനറി ആൻഡ് അനിമൽ സയൻസസ് മണ്ണുത്തി, ത്രിശ്ശൂർ, കേരളം 680 651**

# ആരോഗ്യ സംരക്ഷണം

- ശാസ്ത്രീയമായ പരിപാലനമുറകൾ പിന്തുടരുന്നതിനോടൊപ്പം തന്നെ ആടുകളിലുണ്ടാകുന്ന രോഗങ്ങൾ തുടക്കത്തിൽ തന്നെ തിരിച്ചറിയേണ്ടതുണ്ട്. ഇത് കാലതാമസം കൂടാതെയുള്ള വിദഗ്ധചികിത്സ ലഭ്യമാക്കുന്നതിനുപകരിക്കും.
- ആന്തരിക പരാദങ്ങളുടേയും, ചെള്ള്, പേൻ, പട്ടുണ്ണി പോലുള്ള ബാഹ്യപരാദങ്ങളുടേയും നിയന്ത്രണം ആട് വളർത്തലിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ബാഹ്യപരാദങ്ങളുടെ നിയന്ത്രണത്തിനായി മരുന്നുകൾ ശരീരത്തിൽ സ്പ്രേ ചെയ്യുകയോ, തേച്ചുപിടിപ്പിക്കുകയോ ചെയ്യാവുന്നതാണ്.
- കിടാക്കൾക്ക് ഒരു മാസം പ്രായമുള്ളപ്പോൾ വിരമരുന്ന് നൽകണം. വിരകളുടെ ജീവിതചക്രം മൂന്നാഴ്ചയാണ്. അതിനാൽ 2 മാസം കഴിഞ്ഞ് വീണ്ടും വിരമരുന്ന് നൽകണം.
- ഗർഭിണി ആടുകൾക്ക്, പ്രസവത്തിന് 2-3 ആഴ്ചകൾക്ക് മുമ്പ് വിരമരുന്ന് നൽകണം.
- ഗർഭാവസ്ഥയുടെ ആദ്യ 2 മാസം വരെ വിരമരുന്ന് നൽകരുത്, ഗർഭം അലസാൻ സാധ്യതയുണ്ട്.
- പുതിയതായി കൊണ്ടുവരുന്ന ആടുകളെ രണ്ടാഴ്ചയെങ്കിലും നിരീക്ഷണത്തിൽ വെച്ചതിന് ശേഷം മാത്രമേ മറ്റുള്ളവയുമായി ഇടകലർത്താവൂ.

**പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുന്ന ക്രമം**

| രോഗം | പ്രായം / ആദ്യത്തെ ഡോസ് | ബൂസ്റ്ററ്റർ ഡോസ് |
|---|---|---|
| **എൻററോറ്റൊക്സീമിയ** | 3-4 മാസം | 10 -ാം മാസത്തിൽ |
| **ആട്പ്ലേഗ്** | 3-4 മാസം | 6 മാസത്തിന് ശേഷം |
| **ടെറ്റനസ്** | 3-4 മാസം | 1 വർഷത്തിന് ശേഷം |
| **കുളമ്പുരോഗം** | 6-8 ആഴ്ച | 6-9 മാസത്തിന് ശേഷം |
| **കുരലടപ്പൻ** | 3-4 മാസം | 1 വർഷത്തിന് ശേഷം |

- പ്രജനന കാലത്തിന് 4-6 ആഴ്ചകൾക്ക് മുൻപ് പെണ്ണാടിന് എൻററോടോക്സീമിയ, ടെറ്റനസ് കുത്തിവയ്പുകൾ നൽകണം.
- ആണാടുകൾക്ക് വർഷത്തിലൊരിക്കൽ ഇതേ കുത്തിവയ്പ് നൽകണം.

